# ഉപാസനകൾ

നടന്നുപോകാൻ വഴി വേണം. അത് പ്രയാസമില്ലാതെ നടക്കാൻ പറ്റുന്നതാകണം. അതിന് വേണ മെങ്കിൽ മണ്ണ് ചെത്തിക്കിളച്ചു പാകപ്പെടുത്തിയെടുക്കണം. അങ്ങനെയാണെങ്കിൽ നമുക്ക് പറ്റിയ വഴി ഉണ്ടാക്കിയെടുക്കാം. അത്യാവശ്യം തണൽ മരങ്ങളോ ചെടികളോ ഇരുവശവും വെച്ചുപിടിപ്പിച്ചാൽ വിശേഷമായി. അതിലൂടെ വഴി നടക്കുന്ന ആർക്കും അത് സന്തോഷം നൽകും.

മനുഷ്യമനസ്സിനെ ഈ വഴിയോട് ഉപമിക്കാൻ പ്രയാസമുണ്ടോ? മനസ്സിനെ പാകപ്പെടുത്തി യെടുക്കൽ വലിയ പ്രയാസമുള്ള കാര്യമല്ല. എന്നാൽ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള കാര്യം അതാണ്.

ജനങ്ങളുടെ സാമീപ്യസുഖം മാത്രമല്ല അതിന്റെ പ്രയോജനം. ദൈവത്തിങ്കൽ നല്ലവനാകാൻ ആദ്യം ചെയ്യേണ്ടത് മനസ്സിനെ ശുദ്ധിയാക്കലാകുന്നു. അത് മനുഷ്യന്റെ മാത്രം കാര്യം. മൃഗങ്ങൾക്ക് അതിന്റെ ആവശ്യമില്ല.

ദൈവത്തിങ്കൽ നല്ലവനാകുമ്പോഴാണ് ദൈവം അവനെപ്പറ്റി സംതൃപ്തിയടയുക. അല്ലാത്തവ നെപ്പറ്റി ദൈവം നീരസപ്പെടും. അതിന്റെ നഷ്ടം നമുക്ക് തന്നെയാണ്.

മനുഷ്യന്റെ മനസ്സ് ദൈവത്തിൽനിന്നുള്ള ആത്മാവ് ഉൾക്കൊള്ളുന്നതാണ്. അതിനെ നശിപ്പി ക്കാതെ സൂക്ഷിക്കണമെന്നത് മനുഷ്യന്റെ ബാധ്യതയായി ദൈവം നിശ്ചയിച്ചു. എല്ലാ മനുഷ്യരും അക്കാര്യത്തിൽ തുല്യരാണ്. അതിനു വേണ്ടി ദൈവം പല സംവിധാനങ്ങളും അവനു നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അതിൽ പ്രധാനമാണ് ഉപാസനകൾ.

ഉപാസനകൾ ഇല്ലാത്ത വിഭാഗങ്ങൾ ലോകത്തില്ല. മനുഷ്യൻ ആരായാലും അവന്റെ ആത്മാ വിനെ ശുദ്ധീകരിക്കുന്നതും ശക്തിപ്പെടുത്തുന്നതുമാണത്.

മനുഷ്യന്റെ മനസ്സിനെ ചിലപ്പോൾ ഇരുമ്പിനോട് ഉപമിക്കാൻ തോന്നിയേക്കാം. തോന്നൽ തെറ്റല്ല. കാരണം, അശ്രദ്ധമായി വിട്ടാൽ വേഗം തുരുമ്പ് പിടിക്കുന്നതാണല്ലോ ഇരുമ്പ്. ശുദ്ധമാക്കി ശ്രദ്ധയോടെ കൊണ്ടുനടന്നാൽ ശക്തവും തുരുമ്പിന് ആക്രമിക്കാൻ പറ്റാത്തതുമായി മാറുമത്. അതാണ് മനസ്സിന്റെയും അവസ്ഥ. അത്രവേഗം ചീത്തയാകുന്ന സംഗതി വേറെയില്ല. മനസ്സ് നാറി യാൽ ജീവിതം പാഴാകും. അതിനാൽ മനസ്സിനെ ശുദ്ധമാക്കിവെക്കാൻ ദൈവം മനുഷ്യരോട് കൽപ്പിച്ചു.

ഈ ശുദ്ധീകരണം ആയുസ്സിൽ ഒരിക്കൽ മാത്രം പോരാ. കൂടെക്കൂടെ ചെയ്യണം. അതി നാണ് ആരാധനകളും ഉപാസനകളുമൊക്കെ ആവർത്തിച്ചാവർത്തിച്ചു വരുന്നത്.

വിശുദ്ധി കൈവരിക്കാനുള്ള ഈ സന്ദർഭം മൊത്തം മനുഷ്യജീവിതത്തിനു പലവിധത്തിലും ഉപകരിക്കണമെന്നു ദൈവം നിശ്ചയിച്ചിട്ടുണ്ട്. സന്തോഷവും സ്നേഹവും ഐക്യവുമുള്ള, പര സ്പരം ഉപകരിക്കുന്ന ഉത്തമസമൂഹത്തിന്റെ ചിത്രമാണതിലൂടെ തെളിയുന്നത്. പിണക്കവും കാപ ട്യവുമില്ലാത്ത സാഹോദര്യത്തിന്റെ ഒരു ലോകം. അവിടെ എല്ലാവരും ആശ്രിതരും സഹകാരിക ളുമാണ്. പരസ്പരം ആദരിക്കുകയും സഹായിക്കുകയും അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്യുകയത്രെ അവരുടെ മുഖമുദ്ര.